വാഹനങ്ങളുടെ നികുതി വർദ്ധിപ്പിച്ചതിലൂടെ 50 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. കെട്ടിടങ്ങളുടെ ഒറ്റത്തവണ നികുതി/ആഡംബര നികുതി എന്നിവ വർദ്ധിപ്പിച്ചതിലൂടെ 150 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും 15 ശതമാനംമുതൽ 50 ശതമാനംവരെ വർദ്ധിപ്പിച്ചിട്ടുണ്ട്. 350 കോടി രൂപയുടെ അധിക വരുമാനമാണ് ഇതിലൂടെ പ്രതീക്ഷിക്കുന്നത്.

(ഡി) സാമ്പത്തിക വർഷം (2015-16) നികുതി/നികുതി ഇതര വരുമാന മാർഗ്ഗങ്ങളിൽ ഓരോ ഇനത്തിലും പ്രതീക്ഷിക്കുന്ന വരുമാനം കണക്കാക്കിയിട്ടില്ല.

(ഇ) ഇന്ത്യൻ നിർമ്മിത വിദേശ മദ്യം, വൈൻ, സിഗറ്റ് എന്നിവയുടെ വിൽപന നികുതി, ഭൂനികുതി, തോട്ടം നികുതി, ആഡംബര വാഹനങ്ങൾക്കുള്ള നികുതി എന്നിവ ഓർഡിനൻസ് വഴിയും ഭൂമിയുടെ ന്യായവില, പെട്രോളിയം ഉൽപന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി കൂടലാക്കി നിർത്തിയ ഉത്തരവ്, കെട്ടിടങ്ങളുടെ ഒറ്റത്തവണ നികുതി/ആഡംബര നികുതി എന്നിവ എക്സിക്യൂട്ടീവ് ഉത്തരവു വഴിയും നടപ്പിലാക്കിയിട്ടുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യൂസർ ഫീ, സർവ്വീസ് ചാർജ്ജ് എന്നിവയും വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മണ്ഡലം ആസ്തിവികസന പദ്ധതി

158 (498)_ ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ഡലംആസ്തി വികസന പദ്ധതിപ്രകാരം എം.എൽ.എ.മാർ നിർദ്ദേശങ്ങൾ സമർപ്പിച്ചാൽ ഫയലുകൾ യഥാസമയം തീർപ്പാക്കാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഫയലുകൾക്കും തപാലുകൾക്കും ക്രമനമ്പർ ഉള്ളപ്പോൾ ക്രമവും സമയപരിധിയും തെറ്റിച്ച് ഫയലുകൾ അകാരണമായി താമസിപ്പിക്കുന്നതും, ഫയലിന്റെ പുരോഗതിയും എന്തെങ്കിലും കാരണത്താലുള്ള തടസ്സങ്ങളും ബന്ധപ്പെട്ട എം.എൽ.എ.മാരെ അറിയിക്കാൻ സംവിധാനമില്ലാത്തതും എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ബി) മണ്ഡലം ആസ്തിവികസന പദ്ധതി പ്രകാരമുള്ള ജോലി നിർദ്ദേശങ്ങൾ സംബന്ധിച്ച് സമയബന്ധിതമായി ഉത്തരവുകൾ ഇറക്കാനും ജോലി പൂർത്തിയാക്കാനും എല്ലാ വകുപ്പുകൾക്കും അടിയന്തര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) എം.എൽ.എ.മാരുടെ ആസ്തിവികസന പദ്ധതി പ്രകാരമുള്ള പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ചുകൊണ്ട് 28-12-2012-ലെ 73/2012/ധന. സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിലുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് അമിതമായ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഫയലുകൾ യഥാക്രമം തീർപ്പാക്കാതിരിക്കുന്നതായോ അകാരണമായി വച്ചുതാമസിപ്പിക്കുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നടപ്പിലാക്കാൻ കഴിയാത്ത പ്രവൃത്തി നിർദ്ദേശങ്ങൾ കാരണസഹിതം ബന്ധപ്പെട്ട എം.എൽ.എ.യെ അറിയിക്കാറുണ്ട്. ഇക്കാര്യത്തിൽ തുടർന്നും കൂടുതൽ ശ്രദ്ധ നൽകുന്നതാണ്.

(ബി) നിർദ്ദേശം നൽകുന്നതാണ്.

വഞ്ചനാ നികുതി വകുപ്പ് അധികൃതർ കണ്ടെത്തിയ കള്ളപ്പണം

159 (499) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly